**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 339**
**15.03. 2018 ൽ മറുപടി നൽകേണ്ടത്**

**<u>ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ക്ഷേമ പെൻഷൻ സംബന്ധിച്ച് നൽകിയ നിർദ്ദേശം</u>**

**ചോദ്യം**
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. ടി വി ഇബ്രാഹിം
ശ്രീ. പി ഉബൈദുള്ള

**മറുപടി**
ഡോ.ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമപെൻഷനിൽ അർഹതപ്പെട്ടവരെ ഒഴിവാക്കുന്നതായും അനർഹരെ ഉൾപ്പെടുത്തുന്നതായും ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ, വിശദാംശം നൽകാമോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന് സി & എ ജി നടത്തിയ പെർഫോർമൻസ് ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്.ഇത് സംബന്ധിച്ച് ഒരു സർവ്വേ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തിരം നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് സി എ ജി യുടെ 2016 ലെ റിപ്പോർട്ട് നമ്പർ 6 ൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 12 ശതമാനം പേർ അനർഹമായി പെൻഷൻ വാങ്ങുന്നു എന്നും അർഹരായ 15 ശതമാനം പേർക്ക് ഇനിയും പെൻഷൻ അനുവദിക്കാൻ അവശേഷിക്കുന്നുവെന്നും കണ്ടെത്തുകയുണ്ടായി. ഈ റിപ്പോർട്ട് 2010-11 മുതൽ 2014-15 കാലയളവ് വരെയുള്ള കാര്യങ്ങൾ പഠന വിധേയമാക്കി തയ്യാറാക്കിയിട്ടുള്ളതാണ്. |
| (ബി) | അനർഹർ പെൻഷൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മുഖാന്തിരം നടത്തുവാൻ ഉദ്ദേശിക്കുന്ന സർവ്വേ ഇനിയും ആരംഭിച്ചിട്ടില്ല. ഉടൻ തന്നെ ആയത് ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് അനർഹരെ കണ്ടെത്തിയ മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | |
| (ഡി) | അർഹതയുള്ളവരെ ഉൾപ്പെടുത്തുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കുമോ, വ്യക്തമാക്കുമോ? | സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുള്ള വ്യക്തികൾക്ക് പ്രാദേശിക സർക്കാരിൽ അപേക്ഷ നൽകാവുന്നതും അർഹതയുടെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ